**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** **30-01-2024 - ൽ മറുപടിയ്ക്ക്**

**പാടശേഖരങ്ങളിൽ സൗരോർജ്ജ മോട്ടോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാടശേഖരങ്ങളിൽ കൃഷിക്ക് വൈദ്യുതി മോട്ടോറുകൾക്കു പകരം സൗരോർജ്ജ മോട്ടോറുകൾ ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | പി. എം. കുസും പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിൽ കാർഷിക പമ്പുകൾ സൗരോർജ്ജവത്ക്കരിക്കുന്നതിനുള്ള നടപടി കൾ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു.<br><br>തൃശ്ശൂർ ജില്ലയിൽ ഏകദേശം 219 കോൾ പാടങ്ങളാണ് നിലവിലുള്ളത്. ഇതിൽ വെർട്ടിക്കൽ ആക്സിയൽ ഫ്ളോ (Vertical Axial Flow) പമ്പുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നവ സൗരോർജ്ജ പദ്ധതിയിൽ ഉൾപെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.ഇതിന്റെ ആദ്യ ഘട്ടമായി, ഈ വർഷം അനുമതി ലഭിച്ച 5955 പമ്പുകളിൽ 59 എണ്ണം കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ്. ഇതിൽ 35 എണ്ണത്തിന്റെ സാധ്യത പഠനം നടത്തി. ഫീസിബിൾ ആയ സ്ഥലങ്ങളിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷന്റെ നോ ഒബ്ജെക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറക്ക് പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ വേണ്ട തുടർ നടപടികൾ അനെർട്ട് സ്വീകരിച്ചു വരുന്നു. |
| (ബി) | കോൾ പടവുകളിലെ ജലസ്രോതസ്സുകളായ തോടുകളുടെ സമീപത്ത് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഇല്ല |

സെക്ഷൻ ഓഫീസർ